പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1443 30-01-2018-ലെ മറുപടിയ്ക്ക്

**കുട്ടനാട്ടിലെ പാടശേഖരങ്ങളും കൃഷിയും സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തോമസ് ചാണ്ടി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ പുഞ്ചകൃഷിയും രണ്ടാം കൃഷിയും മടവീഴ്ചയുണ്ടായി കൃഷി നശിക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മറ്റ് പ്രകൃതി ദുരന്തനിവാരണ സംവിധാനത്തിലെന്ന പോലെ ഇത് പരിഹരിക്കുന്നതിന് പ്രത്യേക ഫണ്ട് മാറ്റി വയ്ക്കുകയും പ്രത്യേക സേനയെ രൂപീകരിക്കുകയും പത്ത് ദിവസത്തിനകം നടപടി സ്വീകരിക്കുകയും ചെയ്ത് കൃഷി സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭം അഭിമുഖീകരിക്കുന്നതിനുള്ള കരുതൽ നടപടി (പ്ലാൻ) ശീർഷകത്തിൽ ഓരോ സാമ്പത്തിക വർഷവും നിശ്ചിത ഫണ്ട് മാറ്റി വയ്ക്കുകയും മട പുനർനിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചും വരുന്നു. നിലവിൽ, കോൾ, കുട്ടനാട് മേഖലയിൽ crisis management cell രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ തല കമ്മിറ്റി പരിശോധിച്ച് അനുമതി നൽകുന്നതിന് ശുപാർശ ചെയ്യുന്ന പ്രവർത്തികൾക്ക് സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് അനുമതി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ